I/166863/2024

**Reg. with A/D**

നം. DDDKER/2751/2022-ES2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:- 23-04-2024

**ചാർജ്ജ് മെമ്മോ**

ശ്രീമതി. പുലരി കെ നായർ, ക്ഷീരവികസന ഓഫീസർ (ശൂന്യവേതനാവധിയിൽ), ക്ഷീര പരിശീലന കേന്ദ്രം, കോഴിക്കോട് എന്നയാൾക്ക് എതിരായുള്ള ചാർജ്ജ്

(I) കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിലെ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. പുലരി കെ നായർ (ശൂന്യവേതനാവധി കഴിഞ്ഞ് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) എന്ന താങ്കൾ താഴെ പറയുന്ന കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

i. ശ്രീമതി. പുലരി കെ നായർ എന്ന താങ്കൾക്ക് KSR Part I, Appendix XII A പ്രകാരം 25.05.2018 മുതൽ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അവധി കഴിഞ്ഞ് തിരികെ 25.05.2023-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്ന് വിട്ട് നിൽക്കുകയാണ്. ഇത് കടുത്ത അച്ചടക്ക ലംഘനമാണ്.

ii. താങ്കൾ നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ, ഈ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും സർക്കാർ സർവ്വീസ് റൂൾസിനോടുമുള്ള വെല്ലുവിളിയുമാണ് എന്ന് വ്യക്തമാണ്.

(II) നിങ്ങൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള ശിക്ഷണനടപടികൾ എടുക്കാതിരിക്കാൻ കാരണം ഏതെങ്കിലുമുണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾക്ക് പ്രതിവാദത്തിനുള്ള പത്രിക സമർപ്പിക്കുന്നതിനായി ഈ അറിയിപ്പ് കിട്ടിയ തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ നിങ്ങളുടെ പത്രിക ലഭിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. നിങ്ങളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നോ എന്ന വിവരം കൂടി അറിയിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കാർഡുകൾ പരിശോധിക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം, പ്രതിവാദത്തിനുള്ള നിങ്ങളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിയ്ക്കു മുമ്പുള്ള ഏതെങ്കിലും ദിവസം ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നു പ്രസക്തഭാഗങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

I/166863/2024

(III) മേൽപ്പറഞ്ഞ ചാർജ്ജുകൾ അടിസ്ഥാനമാക്കിയിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

**ഡയറക്ടർ**

Signed by
Asif K Yusuf I A S
Date: 23-04-2024 17:02:12

I/166862/2024

## കുറ്റാരോപണ പത്രിക

കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിലെ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. പുലരി കെ നായർ എന്ന താങ്കൾക്ക്, KSR Part I, Appendix XII A പ്രകാരം 25.05.2018 മുതൽ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അവധി കഴിഞ്ഞ് തിരികെ 25.05.2023-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്ന് വിട്ട് നിൽക്കുകയാണ്. താങ്കൾ നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ, വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 23.06.2023 ലെ DDDKER/4797/2021-ES1 നമ്പർ കാരണം കാണിക്കൽ നോട്ടീസ് ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽ വിലാസത്തിൽ അയച്ച് നൽകിയിരുന്നു, ആയതിനു മറുപടി ഒന്നും ലഭ്യമായിട്ടില്ല. താങ്കളുടെ ഭാഗത്ത് നിന്ന് ഇക്കാര്യത്തിൽ ഗുരുതരമായ അച്ചടക്ക ലംഘനവും, കൃത്യവിലോപവും നടന്നിരിക്കുന്നു. ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നു. ആയതിനാൽ 1960 ലെ KCS (CC&A) ചട്ടം പ്രകാരം അച്ചടക്ക നടപടി കൈക്കൊള്ളണം. ആയതിനാലാണ് ഈ ആരോപണങ്ങൾ.

ഡയറക്ടർ

Signed by
Asif K Yusuf I A S
Date: 23-04-2024 17:01:55

**ശ്രീമതി.പുലരി കെ നായർ**
Neerozhukumchalil house
Manjoor P O,
Kottayam - 686603

പകർപ്പ്

1. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ
2. ഡെപ്യൂട്ടി ഡയറക്ടർ, IT സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)